"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ക്ലാപ്പന എസ്.വി. എച്ച്.എസ്.എസ്.ലെ ശ്രീമതി.സുജി എസ്.ജെ. ഫയൽ ചെയ്ത 29730/2025 നമ്പർ റിട്ട് പെറ്റിഷനിൽ 25.09.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.10651/2025/GEDN തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-
1. റിട്ട് ഹർജി നം. 29730/2025 നമ്പർ റിട്ട് പെറ്റിഷനിൽ 25.09.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.11.2025 തീയതിയിലെ എസിഡിസി3/28403/2025/ഡിജിഇ/എച്ച്എസ്ഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കൊല്ലം ക്ലാപ്പന എസ്.വി. എച്ച്.എസ്.എസ്.ലെ ശ്രീമതി. സുജി എസ്.ജെ. ഫയൽ ചെയ്ത 29730/2025 നമ്പർ റിട്ട് പെറ്റിഷനിൽ 25.09.2025-ലെ വിധിന്യായ പ്രകാരം, ഹർജിക്കാരി സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി13 റിവിഷൻ ഹർജിയിൽ ഹർജിക്കാരിയെയും മാനേജരേയും ബന്ധപ്പെട്ടവരെയും കേട്ട് വിധിന്യായത്തിന്റെ പകർപ്പ് കിട്ടി നാല് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 12.11.2025 ൽ നേരിൽ കേട്ടു.

3. വിദ്യാഭ്യാസ വകുപ്പ് അധികാരികളും ഹർജിക്കാരിയും മാനേജരും പ്രസ്തുത ഹിയറിങ്ങിൽ പങ്കെടുത്തു. കൊല്ലം ക്ലാപ്പന ഷൺമുഖവിലാസം ഹയർ സെക്കൻഡറി സ്കൂളിൽ 07.07.2010 മുതൽ ലൈബ്രേറിയനായി ജോലി ചെയ്തു വരുന്ന ശ്രീമതി സുജി എസ്. -ന് മുൻകാല പ്രാബല്യത്തോടെ നിയമന അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടാണ് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നത്.

4. കൊല്ലം ക്ലാപ്പന ഷൺമുഖവിലാസം ഹയർ സെക്കന്ററി സ്കൂളിൽ 07.07.2010 മുതൽ ലൈബ്രേറിയനായി ജോലി ചെയ്തു വരുന്ന ശ്രീമതി സുജി എസ്.ന് നിയമനാംഗീകാരം നൽകണമെങ്കിൽ, ടി തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ ലൈബ്രറി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ വിദ്യാലയത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളത് കണ്ടെത്തി മാത്രമേ തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപോസൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കൊല്ലം ജില്ലയിലെ ഷൺമുഖവിലാസം ഹയർ സെക്കന്ററി സ്കൂളിൽ 7 ബാച്ചുകളിലായി 650 ഓളം വിദ്യാർത്ഥികളാണ് പഠനത്തിനുള്ളത്. ടി സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 400 സ്ക്വയർ ഫീറ്റ് ചുറ്റളവിലുള്ള റൂമിലാണ് ലൈബ്രറി പ്രവർത്തിച്ചു വരുന്നത്. ടി സ്കൂളിലെ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ 650 സ്ക്വയർ ഫീറ്റ് ചുറ്റളവിൽ റീഡിംഗ് റൂമും പ്രവർത്തിച്ചു വരുന്നു. ലൈബ്രറിക്ക് പ്രത്യേകമായ സ്റ്റോക്ക് റൂം നിലവിലില്ല. ലൈബ്രറിയിൽ 11,261 പുസ്തകങ്ങൾ (റഫറൻസ് പുസ്തകങ്ങൾ) സ്റ്റോക്കുണ്ട്. പ്രസ്തുത റൂമുകളിൽ ആകെ 6 ഫാനും 3 ട്യൂബും പ്രവർത്തിക്കുന്നുണ്ട്. ആവശ്യത്തിനുള്ള ഷെൽഫുകളും ഡസ്കും ബെഞ്ചും മേശകളും ക്രമീകരിച്ചിട്ടുണ്ട്. ടി ലൈബ്രറിയിൽ 2023 നു ശേഷം പുസ്തകങ്ങൾ വാങ്ങിയതായി കാണുന്നില്ല. കൂടാതെ പർച്ചേസ് രജിസ്റ്ററിൽ പുസ്തകങ്ങൾ വാങ്ങിയ വില രേഖപ്പെടുത്താതെ എണ്ണം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ടി ലൈബ്രറിയിൽ ആകെ 5 കമ്പ്യൂട്ടറുകൾ ഉണ്ടെങ്കിലും സിസ്റ്റം പ്രവർത്തിപ്പിക്കുന്നില്ല. ലൈബ്രറിയുടെ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. ആധുനികമായ രീതിയിൽ ലൈബ്രറി പുസ്തകങ്ങൾ ക്രമീകരിച്ചിട്ടില്ല. പരിശോധിച്ചതിൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധം ആവശ്യമായ സാങ്കേതിക വിദ്യാ സംവിധാനം ക്രമീകരിക്കേണ്ടതുണ്ട്. കാറ്റലോഗ് സംവിധാനമോ പുസ്തകങ്ങളുടെ വിതരണത്തിനായി കമ്പ്യൂട്ടർ സംവിധാനമോ നിലവിലില്ല. ക്ലാസ്സ് അടിസ്ഥാനത്തിൽ ഒരു ലൈബ്രറി പിരിയഡ് ക്രമീകരിച്ചിട്ടില്ല.

പുസ്തകങ്ങൾ വിതരണം നടത്തുന്നതിന് പുസ്തകത്തിന്റെ ആദ്യ പേജിൽ സ്ലിപ്പ് ഉപയോഗിച്ചിട്ടിട്ടില്ല. ഫൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ലൈബ്രറിയിൽ പുസ്തകങ്ങൾ പ്രയോജനപ്പെടുത്തുന്ന രീതികൾ, ലൈബ്രേറിയൻ പാലിക്കേണ്ട ചിട്ടകൾ എന്നിവ മുഴുവൻ വിദ്യാർത്ഥികൾക്കും കാണത്തക്ക വിധം എഴുതി പ്രദർശിപ്പിച്ചിട്ടില്ല. പ്രസ്തുത റീഡിംഗ് റൂമിൽ 5 മലയാള പത്രങ്ങളും 2 ഇംഗ്ലീഷ് പത്രങ്ങളും 2 ആനുകാലികങ്ങളും നിലവിലുണ്ട്. വിദ്യാർത്ഥികൾക്ക് പരിശോധിക്കുന്നതിനായി പഴയ പുസ്തകങ്ങൾ, അധ്യാപക സഹായികൾ, പഴയ ചോദ്യ പേപ്പറുകൾ തുടങ്ങിയവ ലഭ്യമല്ല. ലൈബ്രറിയോട് ചേർന്നല്ലാത്ത റൂമാണ് റീഡിംഗ് റൂമായി ക്രമീകരിച്ചിട്ടുള്ളത്. ആയതിൽ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ലൈബ്രറിയും റീഡിംഗ് റൂമും കൂടി ആകെ 1200 സ്ക്വയർ ഫീറ്റ് സൗകര്യം നിലവിലില്ല. കുടിവെള്ള സംവിധാനം ഉപയോഗിച്ചിട്ടില്ല. രജിസ്റ്റർ ഫോർ സജഷൻ സൂക്ഷിച്ചിട്ടില്ല. വാർഷിക സ്റ്റോക്കെടുപ്പ് നടത്താറില്ല.

മേൽ പരിശോധന നടത്തിയതിൽ ടി സ്കൂൾ ലൈബ്രറിയിൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ രീതിയിൽ ആവശ്യത്തിന് പുസ്തകങ്ങൾ സ്റ്റോക്കിലുണ്ടെങ്കിലും ആയത് വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പരിമിതമാണ്. കൂടാതെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടില്ല. ഇന്റർനെറ്റ് സംവിധാനം പ്രയോജനപ്പെടുത്തിയിട്ടില്ല. പ്രസ്തുത സംവിധാനങ്ങളെല്ലാം ക്രമീകരിച്ച് ആധുനിക രീതിയിൽ ലൈബ്രറിയും റീഡിംഗ് റൂമും പ്രവർത്തിപ്പിക്കുകയും പ്രത്യേകമായി സ്റ്റോക്ക് റൂം നിലവിൽ വരുത്തുകയും ചെയ്താൽ മാത്രമേ ലൈബ്രറി സംവിധാനം കാര്യക്ഷമമായി വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുകയുള്ളൂ എന്ന് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഏകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളിന്റെ അന്തിമ വിജ്ഞാപനം ആകുന്ന മുറക്ക് മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ ലൈബ്രേറിയൻ തസ്തിക പൊതുവിദ്യാഭ്യാസ ഡയറക്ടർ

തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ലൈബ്രറി സംവിധാനം ലഭ്യമാണോയെന്ന് ഡയറക്ടർ പരിശോധിച്ച് ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മാത്രമേ അനുവദിക്കാനാകൂ. മേൽ സാഹചര്യത്തിൽ കൊല്ലം ക്ലാപ്പന ഷണ്മുഖവിലാസം ഹയർ സെക്കൻഡറി സ്കൂളിൽ 07.07.2010 മുതൽ ലൈബ്രേറിയനായി ജോലി ചെയ്തു വരുന്ന ശ്രീമതി സുജി എസ്. -ന് മുൻകാല പ്രാബല്യത്തോടെ നിയമന അംഗീകാരം നൽകണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം നിലവിൽ പരിഗണിക്കാനാവില്ല.

7. മേൽ സാഹചര്യത്തിൽ, ഹർജിക്കാരിക്ക് മുൻകാല പ്രാബല്യത്തോടെ നിയമന അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച റിവിഷൻ പെറ്റീഷൻ നിരസിച്ച് അപ്രകാരം ശ്രീമതി. സുജി എസ്.ജെ. ഫയൽ ചെയ്ത 29730/2025 നമ്പർ റിട്ട് പെറ്റിഷനിൽ 25.09.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം/അറിവിലേക്കായി)
ശ്രീമതി സുജി എസ്.ജെ., ലൈബ്രേറിയൻ, ഷൺമുഖവിലാസം ഹയർ സെക്കൻഡറി സ്കൂൾ, പണ്ടകശാല, ക്ലാപ്പന പി.ഒ., കരുനാഗപ്പള്ളി-690 518
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിഭാഗം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം
മാനേജർ, ഷൺമുഖവിലാസം ഹയർ സെക്കൻഡറി സ്കൂൾ, പണ്ടകശാല, ക്ലാപ്പന പി.ഒ., കരുനാഗപ്പള്ളി-690 518
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 03-01-2026 11:59:00

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.